


# പെയ്തൊഴിയാതെ

## എ കെ എസ് ജി എച്ച് എസ്

### മലപ്പട്ടം

കളിയും ചിരിയും കരച്ചിലും ഒക്കെ
സന്ധി ചേരുന്ന
സ്നേഹത്തിന്റെ സൗഹൃദത്തിന്റെ
സാഹോദര്യത്തിന്റെ
സഹകരണത്തിന്റെ അറിവിടമാകുന്ന
മലപ്പട്ടം സ്‌ക്രൂളിലെ കുഞ്ഞുഹൃദയങ്ങളിൽ
ഖനീഭവിച്ച സർഗാത്മകതയെ
തൊട്ടുണർത്താനുള്ള ചെറിയൊരു
ശ്രമമാണ്ഇവിടെ നടത്തിയത്.
നിർമ്മലമായ ചിന്തകളിൽ നിന്നും
നിന്നും ഒരു പിടി നല്ല രചനകൾ
ആയി അവ പ്രവഹിച്ചു.
ഉറവ വറ്റാത്ത തെളിനീര് പോലെ
പെയ്തൊഴിയാത്ത മഴ പോലെ
സർഗാത്മകതയുടെ കുഞ്ഞിടങ്ങൾ
വീണ്ടും വീണ്ടും
നിറഞ്ഞിരിക്കട്ടെ.

# താളുകളിലൂടെ............

ആകാശം

ആടുജീവിതം പച്ചയായ ആവിഷ്ക്കാരം

നെൽച്ചെടി

ഭൂമി

മാറുന്ന കാലം

സ്നേഹം കൊതിക്കുന്ന കുട്ടി

പൂക്കൾ

പുലരി




നീല പരവതാനിയിൽ വർണം

വിതയ്ക്കുന്ന പൂക്കാവനമേ

പറവകൾക്കൊരു ഉല്ലാസ വാനമായി

എന്നെന്നും നിലനിൽക്കുമോ നീ?

കുളിരേകും കുളിർമഴയെ

വിരിയിക്കു നീ

പഞ്ഞിയായി കെട്ടിക്കിടക്കുമീ

മേഘത്തെ തലയിലേറ്റി

എന്നെന്നും നിലനിൽക്കുമോ നീ?

കുളിരേകും കുളിർമഴയെ

വിരിയിക്കു നീ

പുലർകാല നീലയായും

കൂരിരുട്ടിൽ കറുത്ത നിറമായും


മാറുമീ വാനമേ

എന്നെന്നും നിലനിൽക്കു

ഫാത്തിമത്തുൽ മിസ്ന

# ആടുജീവിതം പ്രവാസി ജീവിതത്തിന്റെ പച്ചയായ ആവിഷ്ക്കാരം

അറേബ്യൻ നാട്ടുകളിലേക്ക് കുടിയേറിപ്പോയ ഒരു സാധാരണക്കാരനായ മനുഷ്യന്റെ ദുരിതങ്ങളുടെ കഥ പറയുന്ന നോവലാണ് ബന്യാമിന്റെ 'ആടുജീവിതം' ലളിതമായ ആഖ്യാന ശൈലിയിൽ പ്രവാസികളുടെ ദുരിതം നോവലിസ്റ്റ് നോവലിലേക്ക് ആവാഹിച്ചിട്ടുണ്ട്.




റിയാദിലെ ബത്തയിലെ പോലീസ് സ്റ്റേഷനുമുന്നിൽ കാത്തുനിൽക്കുന്ന കഥാനായകനായ നജീബിനെയും സുഹൃത്തെ ഹക്കീമിനെയും ആണ് ആദ്യം നോവലിൽ പറയുന്നത്. എന്തു ചെയ്തിട്ടും പോലീസ് ക്രൂട്ടാക്കാത്തതിനാൽ അവർ മുദീറിന്റെ മുറിയിൽ പോകുന്നു. അവിടെ പതിച്ചിട്ടുള്ള കുറ്റവാളികളിൽ ഒരാളെ കണ്ട് നജീബ് അത്ഭുതപ്പെടുന്നു. ഇബ്രാഹിം ഖാദരി എന്നാണ് അയാളുടെ പേര്. അയാളുടെ ഫോട്ടോ നോക്കിയതിനെ ഇരുവരും അറസ്റ്റ് ചെയ്തു ജയിലിലിലയക്കുന്നു. പിന്നീട് ജയിലിനെ കുറിച്ചുള്ള വിവരണമാണ്. സുഭാഷിതമായ ഭക്ഷണവും വിശാലമായ സെല്ലിൽ ചുറ്റി തിരയാനുള്ള സ്വാതന്ത്ര്യവും. അവിടെ എത്തിയവരിൽ പകുതിയും നിസ്സാര കുറ്റത്തിന് അകത്തായവരായിരുന്നു.

ജയിലിൽ നടക്കുന്ന തിരിച്ചറിയൽ പരേഡിനെ പറ്റിയാണ് പിന്നീട് പറയുന്നത്. സ്വന്തം സ്പോൺസർമാരിൽ നിന്ന് രക്ഷപ്പെടാനായി ജയിലിലെത്തിയവർ അവിടെ നിരവധിയാണ്. അവരുടെ സ്പോൺസർമാർ അവർക്കായി നടക്കുന്ന ജയിലിലെ പരേഡാണത്. ഓരോ ആഴ്ച്ചയും അതുണ്ട്. അതിന്റെ പിറ്റേന്ന് എക്സിറ്റ് പാസാണ്. അന്ന് ജയിലിൽസന്തോഷത്തിന്റെ ദിനമാണ്. തലേന്ന് കറുത്ത ദിനം ആണെങ്കിലും. അന്നാണ് എംബസികൾ വന്ന് ആളുകളെ സ്വദേശത്തേക്ക് അയക്കുന്നത്. നജീബ് അതിനെ വിശേഷിപ്പിക്കുന്നത് ലോക സുന്ദരിപ്പട്ടത്തിനു വേണ്ടിയുള്ള തിരഞ്ഞെടുപ്പ് വേദിയിൽ ഫലപ്രഖ്യാപനത്തിനകത്ത് നിൽക്കുന്ന പെണ്ണിന്റെ ആകാംഷ എന്നാണ്. ഒരു ദിവസം ജയിലിൽ തിരിച്ചറിയൽ പരേഡിന്റെ സമയത്ത് ഹമീദിന്റെ അർബാവായ അറബി വരികയും അവനെ നിഷ്ക്കരുണം മർദ്ദിച്ച് തിരിച്ചുകൊണ്ടു പോവുകയും ചെയ്യതോടെ നജീബ് ജയിലിൽ ഒറ്റപ്പെടുകയാണ്. നജീബ് ഇതിനോടകം ജയിലിലെ പഴക്കം ചെന്ന പുള്ളിയായിരുന്നു. അതിനു ശേഷമുള്ള തിരിച്ചറിയൽ പരേഡിൽ വന്നത് നജീബ് ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരാളായിരുന്നു, നജീബിന്റെ അർബാബ്. ഇതിനുശേഷമാണ് നജീബിന്റെ 'ഫ്ലാഷ്ബാക്ക്' പറയുന്നത്.

പുഴയിലെ മണൽവാരൽ തൊഴിലാളിയായിരുന്ന നജീബിനെ യാദൃശ്ചികമായി ലഭിക്കുന്ന വിസ. ആ വിസയിൽ റിയാദിലേക്ക് പോകാൻ നജീബിനൊരു കൂട്ടുകിട്ടുന്നു. ഹക്കീം ഇരുവരും റിയാദിലെത്തി സ്വന്തം സ്പോൺസറിനെ കാത്തുനിൽക്കുന്നു. അയാളാണ് അർബാബ്. ഒരാൾഈ കഥയല്ല നജീബിന്റെ ജീവിതം ആടിന്റെ ദിന സമാനമാണെന്ന് സൂചന ഏറ്റുകാരൻ പലപ്പോഴായി നൽകുന്നുണ്ട്.ആരും ആരും കൂട്ടില്ലാത്ത നജീബിനെ കൂട്ട് ആടുകൾ ആയിരുന്നു. അവർക്ക് അറവു റാവുത്തർ, പൂച്ചക്കാരി രമണി,ഞണ്ടു രാഘവൻ,ജഗതി, മോഹൻലാൽ, ഇഎംഎസ് എന്നിങ്ങനെയുള്ള പേരുകൾ നൽകുന്നു. അവരോടാണ് നജീബ് സംസാരിക്കുന്നത്.

ഒരിക്കൽ രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ അർബാബ് നജീബിനെ വച്ച വെടി സ്വയം ഒരാട് ഏറ്റുവാങ്ങി. അതിനുശേഷം നജീബ് ആട്ടിറച്ചി കഴിച്ചിട്ടില്ല. ആ സന്ദർഭത്തിൽ അർബാബ് കോപിച്ചതിനാൽ നജീബിനെ രണ്ടുദിവസം ആഹാരം നൽകാതെ മസ്രയിൽ പൂട്ടിയിട്ടു. അപ്പോൾ വിശന്ന നജീബ് ആടുകൾക്ക് വേണ്ടിയുള്ള ഗോതമ്പ് പച്ചക്ക് തിന്നുകയും തൊട്ടിയിൽ നിന്ന് വെള്ളം കുടിക്കുകയും ചെയ്യുന്നു.

മസറയിലെത്തിയശേഷം നജീബ് ആദ്യമായി പ്രസവം എടുത്ത

ആട്ടിൻകുട്ടി ആയിരുന്നു നബീൽ. നബീലിനെ സ്വന്തം മകനായി നജീബ് കണ്ടത് സ്വന്തം അമ്മയുടെ മുലപ്പാൽ കുടിക്കുക എന്ന ആ മസ്രയിലെ മറ്റാരും കുട്ടികൾക്ക് ലഭിക്കാത്ത സൗഭാഗ്യം നബീലിനെ നജീബ് നൽകുന്നുണ്ട്. അറവുശാലയിലേക്ക് കൊണ്ടുപോകേണ്ട ആടുകളെ ഷണ്ഡന്മാർ ആക്കിയിരിക്കുന്നു. അതിലായിരുന്നു നബീൽ ഉണ്ടായിരുന്നത്. നബീലിനെ ഷണ്ഡൻ ആക്കിയതോടെ താനും ഷണ്ഡനായ എന്നാണ് നജീബ് പറയുന്നത്. ഒരു നാൾ പാമ്പുകടിയേറ്റ് നബീൽ മരിക്കുന്നു.

ഈ നോവലിലെ കേന്ദ്രകഥാപാത്രമല്ലെങ്കിലും എടുത്തു പറയേണ്ട ഒരു കഥാപാത്രമാണ് ഇബ്രാഹിം ഖാദരി. ഒരു ക്രിമിനൽ ആണെങ്കിലും മസറയിൽ പെട്ടുപോയ നജീബിനെയും ഹക്കീമിനെയും സഹായിക്കുന്ന ഇബ്രാഹിം കഥയിലെ ദൈവത്തിന്റെ പ്രതിരൂപമാണ്.

അറേബ്യയിലെ മലയാളികളുടെ ദുരിതങ്ങളുടെ കഥയാണ് ആടുജീവിതം. " എന്നെ വിസ്മയിപ്പിച്ച മലയാള നോവൽ " എന്നാണ് ആടുജീവിതത്തെക്കുറിച്ച് പ്രശസ്ത എഴുത്തുകാരൻ എം മുകുന്ദൻ പറഞ്ഞത്. ഏതൊരു വായനക്കാരനെയും പിടിച്ചിരുത്തും വിതം ആകർഷകമായും എന്നാൽ ലളിതമായും ആണ് ബെന്യാമിൻ നോവൽ രചിച്ചിരിക്കുന്നത്.

ബെന്യാമിന്റെ ആടുജീവിതം നിരവധി അവാർഡുകൾ ആണ് വാരിക്കൂട്ടിയത്. കേരള സാഹിത്യ അക്കാദമി അവാർഡ്, അബുദാബി ശക്തി അവാർഡ്, നോർക്ക റൂട്ട് പ്രവാസി അവാർഡ് തുടങ്ങിയ നിരവധി അവാർഡുകൾ നേടുകയും സൗത്ത് ഏഷ്യൻ ലിറ്ററേച്ചർ ഡി എസ് സി അവാർഡിന്റെ (2013) ചുരുക്കപ്പട്ടികയിൽ ഇടം പിടിക്കുകയും ചെയ്തിട്ടുണ്ട്.

നജീബ് സ്വന്തം കഥ പറയുന്ന പോലെയാണ് നോവൽ ആഖ്യാനം ചെയ്തിരിക്കുന്നത്. നോവൽ വായിക്കുമ്പോൾ നമ്മളും നജീബിന്റെ കൂടെ മസറയിൽ ഉണ്ട് എന്ന് തോന്നിപ്പോകുന്നു എന്തുകൊണ്ടും വായിച്ചിരിക്കേണ്ട കഥയാണ് ബെന്യാമിന്റെ ആടുജീവിതം.

അശ്വതി . പി

# നെൽച്ചെടി



ആഹാ! എന്തു മനോഹരമീ  കാഴ്ച
പച്ചപ്പട്ടുവിരിച്ച പോലെ
സൂര്യനെ  നോക്കി വളരുന്ന നെൽച്ചെടി
ജീവനു നാളെ അന്നം നൽകാൻ
ഇന്നീ ചേറിൽ  കിടക്കുന്ന സുന്ദരി
ഒരു ചെറു  കാറ്റിങ്ങു വന്നുപോയാൽ
ആടി ഉലഞ്ഞു ചിരിക്കുന്നു  സുന്ദരി
ചെടിയിൽ കതിരുകൾ  വന്നീടുമ്പോൾ
അഭിമാനത്തോടെ  തല കുനിക്കുന്നവർ
സ്വർണ്ണവർണ്ണത്തിൽ ചാലിച്ച
കതിരുകൊത്താൻ
ഭൂമിയുടെ  അവകാശികളുമെത്തും
പിന്നെ കലപില  തന്നെയെങ്ങും
വയലിലെ  കതിരുകൾ  കൊയ്യും വരെ
ആഹാ!എന്തു മനോഹരമീ  കാഴ്ച
പച്ച  നെൽപ്പാടങ്ങൾ  കണ്ടീടുവാൻ

ഋതുനന്ദ.പി

# ഭൂമി

കനൽ താപമേൽക്കാതെ

ഇരുൾ തൊപ്പി മായാതെ

ആകാശം ദിശമാറി പൊയ് ക്കഴിഞ്ഞു

താപകിരണങ്ങളും ഇരുളും

ഒരുമിച്ച് പൊയ്ക്കഴിഞ്ഞു

ഈ ഭൂമിയുടെ അന്ത്യ ദിനങ്ങൾ

കാണുവാൻ കഴിയാതെ

മൃഗങ്ങളുടെ മരണം

കണ്ടുനിൽക്കാനാകാതെ



പഞ്ചഭൂതങ്ങളും അന്തരീക്ഷവും

സൂര്യോദയവും കണ്ണുപൊത്തി

മനുഷ്യകുലം ഭൂമിയെ ചുട്ടരയ്ക്കുന്ന

കാഴ്ച കാണുവാൻ കഴിയാതെ

എല്ലാ കണ്ണുമടഞ്ഞു പോയി

ഹേ........ മനുജാ...........

നിന്റെ അമ്മയല്ലേ ഭൂമി

ഭൂമി മാതാവിന്റെ ജീവനെടുക്കുവാനായി

നീ ഇറങ്ങിപ്പുറപ്പെട്ടതാണോ

എന്തിന് നീ ഈ കൊടും പാപങ്ങളൊക്കെ

ചെയ്തു കൂട്ടുന്നു

ഒന്നോർത്താലും നീ നാളെ

അധിവസിക്കേണ്ടതിവിടെ

നിൻ വംശവും ഇവിടെ

അവരുടെ ഭാവി നീ സംരക്ഷിതമാക്കു

മനുജാ......

മനുജാ....... ഭൂമിയെ വെറുതെവിട്ടു.......

ആഷ്ന പി വി




മാഞ്ഞുപോകുന്നകാലം
മറക്കുവാനാകാത്ത കാലം
തിരികെവരുമോയെന്നറിയില്ല ആ കാലം

ഇന്നു ഫോണില്ലാതുണ്ണില്ല
ഉറങ്ങില്ല കുട്ടികൾ
സർവ്വവും ഫോണിലായ്
മാറുന്ന കാലം

വെട്ടികുറയ്ക്കുന്നകടലാസുപോലെയായി
മാനവർ തമ്മിലെ  സംഭാഷണം
കളികളും ഫോണിലായ്
കലകളും ഫോണിലായ്
ഫോണിലായ് മാറി ജനറേഷനും

ഫോണില്ലാ കാലമിന്നോർമ്മൾ മാത്ര
മായി ഏതോമഴയത്തൊലിച്ചു പോയ്
പോയൊരുഓർമകൾവീണ്ടെടു
ത്തിടുവാൻആശയുണ്ടെന്നുടെഉള്ളിലായ്

പുതിയൊരുകാലത്തിലേക്കുഞാൻ
നീങ്ങട്ടെഇനിയുള്ളജീവിതം ജീവിക്കുവാൻ
മുന്നോട്ടു നീങ്ങുമ്പോൾ എന്തെല്ലാം
വരുമെന്ന്ചിന്തിച്ച് കൊണ്ടിനി ജീവിക്കണം



# സ്നേഹം കൊതിക്കുന്ന കുട്ടി

ഒരു വീട്ടിൽ ഒരച്ഛനും മകളും ഉണ്ടായിരുന്നു. അച്ഛൻ വിനുവും മകൾ നന്ദുവും. നന്ദുവിന് ഇപ്പോൾ ഏഴ് വയസ്സാകുന്നു.നന്ദുവിന്റെ അമ്മ അവളുടെ ആറാം വയസ്സിൽ മരിച്ചതാണ്. അതിന് ശേഷം നന്ദുവിനെ അവളുടെ അച്ഛൻ പൊന്നുപോലെയാണ് നോക്കിയത്. അങ്ങനെയിരിക്കെ നാട്ടുകാരുടെയും കുടുംബക്കാരുടെയും നിർബന്ധപ്രകാരം വിനുവേറെ കല്ലിയാണം കഴിക്കാൻ തീരുമാനിച്ചു. നന്ദുവിന് അത് സന്തോഷമുള്ള കാര്യമായിരുന്നു. കാരണം അവൾക്ക് ഒരു അമ്മയെ കിട്ടുവാണല്ലോ. അങ്ങനെ അടുത്ത ദിവസം തന്നെ കല്ലിയാണം നടന്നു. അവളുടെ അമ്മയുടെ പേര് ലക്ഷ്മി എന്നായിരുന്നു. അങ്ങനെ ലക്ഷ്മി അവൾക്ക് അവളുടെ സ്വന്തം അമ്മ തന്നെയായിരുന്നു. അങ്ങനെ വർഷങ്ങൾ കടന്നു പോയി. അവർക്ക് ഒരു ആൺകുട്ടി ജനിച്ചു. പേര് കണ്ണൻ എന്നായിരുന്നു.നന്ദുവിന് ഏറെ സന്തോഷമായിരുന്നു. കാരണം അവൾക്ക് ഒരു അനുജനെ കിട്ടിയതിൽ. അങ്ങനെ അവളുടെ അച്ഛന് ഒരു അസുഖം പിടിപെട്ടു.അത് നന്ദുവിനെ തളർത്തുന്നതായിരുന്നു. അവളുടെ അച്ഛന് തീരെ വയ്യായിരുന്നു.അങ്ങനെ അവളുടെ അച്ഛൻ മരണപ്പെട്ടു. അന്ന് അവൾക്ക് പതിനാല് വയസ്സായിരുന്നു. അങ്ങനെ കുറച്ചു നാളുകൾക്ക് ശേഷം ലക്ഷ്മിക്ക് നന്ദുവിനോടുള്ള സ്നേഹത്തിൽ കുറവുണ്ടോ എന്ന് നന്ദു സംശയിച്ചു എന്നാലും കണ്ണന് ഒരു മാറ്റവും ഉണ്ടായിരുന്നില്ല.

അങ്ങനെ പതിയെ പതിയെ ലക്ഷ്മി തന്നിൽ നിന്നും നന്ദുവിനെ അകറ്റാൻ തുടങ്ങി. അവളെ കൊണ്ട് വീട്ടുജോലികൾ ചെയ്യിപ്പിക്കുന്നതിനു പുറമെ ഭക്ഷണം പോലും നല്ല രീതിയിൽ നൽകാതെ ആയി. അവൾക്ക് ആകെ വിഷമമായി. അവൾ അവളുടെ അച്ഛന്റെയും അമ്മയുടെയും ഫോട്ടോ നോക്കി പരാതി പറയാൻ തുടങ്ങി. നന്ദുവിന് അച്ഛനും അമ്മയുമില്ലാത്ത ലോകം തീർത്തും അനാഥമായി തോന്നി. നന്ദു ചിന്തിച്ചു അനാഥത്വം ഭയങ്കര വേദനയാണെന്ന്.ആ കഷ്ടപ്പാടിലും നന്ദു പഠിച്ചു. അവൾ ഇപ്പോൾ പാവങ്ങളെ ചികിൽസിക്കുന്ന ഒരു നല്ല ഡോക്ടറാണ്.

റാഹിമ ഷെറിൻ
IX- A



# പൂക്കൾ

നിൻ അരികെ ഉലയുന്ന
കാറ്റിന്റെ നൊമ്പരം നീ അറിയുന്നുണ്ടോ-
എൻ ജ്ഞായാദാരമെ...
നിൻ ശേല് കണ്ടാൽ തിളങ്ങുന്ന -
ആതപം പിന്നെന്തിനോ നിന്നെ-
അമർഷിച്ചത്?
നിൻ മിഴി കണ്ടാൽ ഉടനെചിരിക്കുന്ന-
നിഹാരമെന്തെ കണ്ണടച്ചു?
നിൻ അധരത്തിൻ  ശോണിമ-
കണ്ടാൽ തുളുമ്പുന്ന
വെൺതാരകങ്ങളെന്തേ  കറുത്തു..?
നിൻ ഗന്ധം  നിലോചനം ചെയ്യുന്ന
മധുപമെന്തെ നിലച്ചു..?
നിൻ സ്മിത ത്തുവോളി കണ്ടുനിൽ -
ക്കുന്ന ചന്ദ്രിക എന്തെ വിതുമ്പി?
എൻ ആകാരമെന്തെ അധമമായി...!

- സരയു ബി
VIII



# പുലരി

പുലർകാല വേളയിൽ
കണ്ടു ഞാൻ ഏറെ തിള ങ്ങുന്ന
മുത്തുപോൽ തുമഞ്ഞിൻ
തുള്ളിയൊന്നാദ്യമായി
പിന്നെ ഞാൻ കേട്ടു
കളകളാരാവം കാട്ടരുവികൾ
ഭൂമിയെ തഴുകി തലോടിടുമ്പോൾ
സംഗീത സാന്ദ്രമാം ഗാനത്തിൻ ശകലങ്ങൾ
കുരുവികൾ പാടുന്നതും ഞാനറിഞ്ഞു
ചന്തം തികഞ്ഞൊരാ സുപ്രഭാതത്തിന്
സ്വാഗതമേകി ഞാൻ വരവേറ്റിടുന്നു

മിസ്ന. കെ